**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 273** **14-07-2022 - ൽ മറുപടിയ്ക്ക്**

**വിള ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തുടരെയുണ്ടാകുന്ന കാലാവസ്ഥ വ്യതിയാനവും പ്രകൃതി ക്ഷോഭങ്ങളും മൂലം വിളനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം യഥാസമയം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | പ്രകൃതിക്ഷോഭം മൂലം വിളനാശം ഉണ്ടാകുന്ന സാഹചര്യത്തിൽ പ്രകൃതിദുരന്തങ്ങൾക്കായുള്ള അടിയന്തിര പരിപാടി പദ്ധതി മുഖേന വിളനാശത്തിന് നഷ്ടപരിഹാരമായി സംസ്ഥാന വിഹിതവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതവും നൽകുന്നുണ്ട്. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന ഇൻഷ്വർ ചെയ്ത വിളകൾക്ക് നാശനഷ്ടം സംഭവിക്കുമ്പോൾ പദ്ധതി മാനദണ്ഡങ്ങൾക്കും നിരക്കുകൾക്കും വിധേയമായി നഷ്ടപരിഹാരം നൽകുന്നുണ്ട്.<br><br>ഈ പദ്ധതികൾ കൃഷിവകുപ്പിന്റെ AIMS പോർട്ടൽ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. യഥാസമയം കർഷകർക്ക് നഷ്ടപരിഹാരത്തിനായി അപേക്ഷിക്കുന്നതിനും, പരിശോധനകൾക്കും അംഗീകാരത്തിനും ശേഷം തുക അതാതു കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് അനുവദിക്കുന്നതിനുമുള്ള സംവിധാനം നിലവിൽ എയിംസ് പോർട്ടൽ മുഖേന നടപ്പിലാക്കി വരുന്നു.<br><br>വിള ഇൻഷ്വറൻസ് പദ്ധതി AIMS പോർട്ടലിൽ ഉൾപ്പെടുത്തിയതിലൂടെ കർഷകർക്ക് പദ്ധതിയിൽ അംഗമാകുന്നതിനും, പോളിസി ലഭ്യമാക്കുന്നതിനും നഷ്ടപരിഹാരം നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് Centralised DBT സംവിധാനത്തിലൂടെ നൽകുന്നതിനും സാധ്യമാകുന്നുണ്ട്. അതുവഴി കാലതാമസം ഒഴിവാക്കി ആനുകൂല്യം കർഷകർക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിന് സാധ്യമാകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ കേന്ദ്രസർക്കാരുമായി സംയോജിച്ച് കേന്ദ്രാവിഷ്കൃത വിള ഇൻഷുറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി എന്നിവയും അഗ്രികൾച്ചറൽ ഇൻഷുറൻസ് കമ്പനി മുഖേന നടപ്പിലാക്കുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുൻകാലങ്ങളെ അപേക്ഷിച്ച് കർഷകർക്ക് കൂടുതൽ തുക നഷ്ടപരിഹാരമായി അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2021-22 വർഷത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് സംസ്ഥാന വിഹിതമായി 6743.86 ലക്ഷം രൂപ അനുവദിക്കുകയും ആയതിൽ വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരമായി 6493.47781 ലക്ഷം രൂപയും, മടവീഴ്ചയിൽ നാശനഷ്ടം സംഭവിച്ച കർഷകർക്ക് മട പുനരുദ്ധാരണത്തിന് 12.16347 ലക്ഷം രൂപയും, വിതച്ച നെൽപ്പാടങ്ങൾക്കുണ്ടായ നാശനഷ്ടത്തിനായി കർഷകർക്ക് സൗജന്യമായി നെൽ വിത്ത് നൽകിയ ഇനത്തിൽ സംസ്ഥാന വിത്ത് വിതരണ അതോറിറ്റിക്ക് 200.00 ലക്ഷം രൂപയും, കീടരോഗ ബാധ ഉണ്ടായ കർഷകർക്ക് ആയതു നിയന്ത്രിക്കുന്നതിനായി 23.66608 ലക്ഷം രൂപയും ചേർത്ത് ആകെ 6729.30736 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 1690.62807 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.<br><br>കൂടാതെ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുടെ നഷ്ടപരിഹാരം നൽകുന്നതിനായി സംസ്ഥാന സർക്കാർ 3200.00 ലക്ഷം രൂപ അനുവദിക്കുകയും ആയതിൽ 3179.95005 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി ഫണ്ടിൽ നിന്നും 825 ലക്ഷം രൂപ നൽകിയിട്ടുണ്ട്. 2022-2023 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുടെ നഷ്ടപരിഹാരം നൽകുന്നതിനായി 3000.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കേന്ദ്ര വിള ഇൻഷുറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിക്കായി പ്രീമിയം സബ്സിഡിയുടെ സംസ്ഥാന വിഹിതമായി 6014.02090 ലക്ഷം രൂപ നടത്തിപ്പ് ഏജൻസി ആയ ഇൻഷുറൻസ് കമ്പനിക്ക് വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കൃഷിനാശം ഉണ്ടായാൽ കർഷകർക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരം നൽകുന്നതിന് ഇൻഷുറൻസ് വ്യവസ്ഥകൾ പരിഷ്കരിക്കുമോ; വിശദമാക്കാമോ; | (സി) | 01/06/2019 മുതൽ AIMS (Agricultural Information and Management System) പോർട്ടൽ നിലവിൽ വരുകയും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ വിള നാശത്തിനു നഷ്ടപരിഹാരം നൽകുന്ന ഘടകം ഓൺലൈനായി നടപ്പിലാക്കി വരുകയും ചെയ്യുന്നു. അതിനാൽ പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരത്തിനായി സമർപ്പിക്കുന്ന അപേക്ഷയിന്മേൽ പരിശോധന നടത്തി നഷ്ടപരിഹാരം കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് വേഗത്തിലും നേരിട്ടും നൽകുന്നതിന് സാധിക്കുന്നു.<br><br>വിള ഇൻഷുറൻസ് പദ്ധതി മാനദണ്ഡങ്ങളനുസരിച്ച് പദ്ധതിയിൽ അംഗമാകുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കൽ, പോളിസി വിതരണം, നഷ്ടപരിഹാരത്തിനുള്ള അപേക്ഷ സമർപ്പിക്കൽ, അപേക്ഷയിന്മേലുള്ള അന്വേഷണം പൂർത്തീകരിക്കൽ എന്നിവയ്ക്കായി സ്വാഭാവികമായ കാലതാമസം ഉണ്ടാകാറുണ്ടായിരുന്നു.<br><br>എന്നാൽ കൃഷി വകുപ്പിന്റെ ഓൺലൈൻ സംവിധാനമായ AIMS പോർട്ടൽ നിലവിൽ വന്നതിനെ തുടർന്ന് 2020 ആഗസ്റ്റ് മാസം മുതൽ വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ AIMS പോർട്ടൽ മുഖേന ഓൺലൈനായാണ് ചെയ്തുവരുന്നത്. വിള ഇൻഷുറൻസ് പദ്ധതി AIMS പോർട്ടലിൽ ഉൾപ്പെടുത്തിയതിലൂടെ കർഷകർക്ക് പദ്ധതിയിൽ അംഗമാകുന്നതിനും, പോളിസി സർട്ടിഫിക്കറ്റ് വേഗത്തിൽ നൽകുന്നതിനും നഷ്ടപരിഹാരം നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് Centralised DBT സംവിധാനത്തിലൂടെ നൽകുന്നതിനും കഴിയുന്നതിനാൽ കാലതാമസം ഒഴിവാക്കി ആനുകൂല്യം കർഷകർക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിന് സാധ്യമാകുന്നു. |
| (ഡി) | കൃഷിനാശം വിലയിരുത്തി റിപ്പോർട്ട് അയക്കുന്നതിനായി മൊബൈൽ ആപ്പ് ഉൾപ്പെടെയുള്ള നവീന സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഉണ്ട്. കൃഷി നാശം വിലയിരുത്തുന്നതിനും, കർഷകർക്ക് അപേക്ഷ സമർപ്പിക്കുന്നതിനും, അർഹമായ നഷ്ടപരിഹാരം ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതിനും ഓൺലൈൻ സംവിധാനമായ എയിംസ് പോർട്ടൽ മുഖേന സാധിക്കുന്നു. എയിംസ് പോർട്ടലിന്റെ മൊബൈൽ ആപ്പ് കർഷകർക്കും ഉദ്യോഗസ്ഥർക്കും ഉപയോഗിക്കാവുന്ന രീതിയിൽ നിലവിൽ സജ്ജമാണ്. |

സെക്ഷൻ ഓഫീസർ